പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 739

29.09.2016-ൽ മറുപടിയ്ക്ക്

## കോരുത്തോട് -മൂക്കംപെട്ടി-കണമല റോഡ്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടയം ജില്ലയിലെ കോരുത്തോട് -മൂക്കംപെട്ടി-കണമല റോഡിന്റെ ബിഎം & ബിസി തരത്തിലുള്ള പണി അടുത്തകാലത്ത് നടത്തിയതിന് എത്ര കോടി രൂപ കരാർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്; ഇതിന്റെ കരാറുകാരൻ ആരാണ്; | (എ) പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിന് 1,43,03,490/- രൂപ പെന്റിംഗ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ. കുര്യാക്കോസ് സാബു, M/s. കാവുങ്കൽ റോഡ് ബിൽഡേഴ്സ് ആണ്. |
| (ബി) എന്നാണ് ഈ റോഡിന്റെ പണി തുടങ്ങിയതും പൂർത്തിയായതും എന്ന് വ്യക്തമാക്കാമോ; | (ബി) 27.11.2014-ൽ പണി തുടങ്ങി. പൂർത്തീകരിച്ചിട്ടില്ല. |
| (സി) പണി തീർന്ന ഉടനെ തന്നെ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളും പൊട്ടി പ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാ തായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) പണി നടന്നുവരവെ റോഡിന്റെ ചില ഭാഗങ്ങളിൽ കേടുപാടുകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചു വരുന്നുണ്ട്. |
| (ഡി) പ്രസ്തുത റോഡിന്റെ ജോലികൾക്ക് മേൽനോട്ടം വഹിച്ച പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ ആരൊക്കെ യാണ്; | (ഡി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. അലക്സ് തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി മീര, ശ്രീമതി പ്രസ്സി, ഓവർസിയർ ശ്രീ. ചാക്കോ ടി.എം. എന്നിവരാണ് പ്രവൃത്തിൾക്ക് മേൽനോട്ടം വഹിച്ചത് |
| (ഇ) സത്യസന്ധനായ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ചുമതലയിൽ ഈ റോഡിന്റെ പണി പരിശോധിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (ഇ) പരാതി പ്രത്യേകം തന്നാൽ അന്വേഷിക്കുന്നതാണ്. പ്രവൃത്തിയിൽ എന്തെങ്കിലും ന്യൂനതയോ, അഴിമതിയോ ശ്രദ്ധയിൽപ്പെടുന്നപക്ഷം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

(എഫ്) പരിശോധനയിൽ ഈ റോഡിന്റെ പണിയിൽ അഴിമതി നടന്നതായി കണ്ടെത്തിയാൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥർ, കോൺട്രാക്ടർ എന്നിവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(എഫ്) അഴിമതി നടന്നതായി തെളിഞ്ഞാൽ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ജി) റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും എഗ്രിമെന്റ് തുക എത്രയെന്നും കരാറുകാരന് പി.ഡബ്ല്യു.ഡി കരാർ തുക മുഴുവനും നൽകിയിട്ടുണ്ടോ എന്നും വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ?

(ജി) എസ്റ്റിമേറ്റ് തുക — 796 ലക്ഷം.

എഗ്രിമെന്റ് തുക — 949 ലക്ഷം.

കരാർ തുക ഒന്നും നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ